## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1362 11/08/2017-ൽ മറുപടിയ്ക്ക്

## സമഗ്ര കാർഷിക നയം

**ചോദ്യം**

ശ്രീകെ. അനിൽ അക്കര
ശ്രീ.. എൽദോസ് പി. കുന്നിപ്പിള്ളിൽ
ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ. അനൂബ് ജേക്കബ്

**ഉത്തരം**

ശ്രീ. വി.എസ് .സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമഗ്ര കാർഷിക നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ബി) & സി) | ജൈവകൃഷിക്ക് പ്രാധാന്യം നൽകികൊണ്ട് സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിലെ ഉല്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ചും കാർഷികവിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അനന്യ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകനെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പു വരുത്തുന്നതിനും സഹായകരമായ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കർഷകരുടെയും പൊതുജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കാര്യങ്ങളും നയത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ട്. ജൈവ കാർഷിക രംഗത്ത് ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും ഉണ്ടായിട്ടുള്ള നൂതന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പുതുക്കിയ ജൈവ കാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) | കാർഷിക മേഖലയുടെ വികസനത്തിനും അഭിവൃദ്ധിക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| സി) | പ്രസ്തുത നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ